**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3711** **12-03-2025 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹനവകുപ്പിൽ വെബ് ആപ്ലിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം മുകേഷ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിംഗ് ലൈസൻസ്, പെർമിറ്റ് എന്നിവയുടെ കമ്പ്യൂട്ടറൈസ്ഡ് സേവനങ്ങൾക്കായി പ്രത്യേകം വെബ് ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത ആപ്ലിക്കേഷനിലൂടെ ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ഗതാഗത വകുപ്പ് മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ ഉള്ളതും സെൻട്രൽ നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ രൂപകൽപ്പന ചെയ്തതുമായ പരിവാഹൻ പോർട്ടലിലെ വാഹൻ, സാരഥി എന്നീ ഓൺലൈൻ പോർട്ടൽ മുഖാന്തിരം ഡ്രൈവിംഗ് ലൈസൻസ്, പെർമിറ്റ് എന്നിവ സംബന്ധമായ സേവനങ്ങൾ ലഭ്യമാകുന്നതാണ് . |
| (ബി) | പ്രസ്തുത ആപ്ലിക്കേഷന്റെ ഭാഗമായി പുതിയ വെബ് മൊഡ്യൂളുകൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. മോട്ടോർ വാഹന വകുപ്പിലെ വിവിധ സേവനങ്ങൾക്കായി മേല്പറയുന്ന പരിവാഹൻ സോഫ്റ്റ്‌വെയർ പരിഷ്കരിച്ച് വിവിധ മോഡ്യൂളുകൾ കാലാകാലങ്ങളിൽ വികസിപ്പിച്ച് ഉൾപ്പെടുത്തി വരുന്നു. |
| (സി) | സേവനങ്ങൾ ലഭ്യമാക്കുന്നതിലെ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഫസ്റ്റ് കം ഫസ്റ്റ് സെർവ് എന്ന സംവിധാനം ഒരുക്കിയിട്ടുണ്ടോ; അറിയിക്കുമോ? | (സി) | ലൈസൻസ് സംബന്ധമായ സേവങ്ങളിലെ ബാക് ലോഗ്, ഡ്രൈവിംഗ് ടെസ്റ്റ്, ലേണേഴ്സ് ടെസ്റ്റ്, ഡ്രൈവിങ് സ്കൂൾ, ഐ ഡി പി (International driving permit)എന്നിവ ഒഴികെയുള്ള എല്ലാ സേവനങ്ങളും ഫാസ്റ്റ് കം ഫസ്റ്റ് സെർവ് (എഫ് സി എഫ് എസ്) സംവിധാനം വഴിയാണ് നൽകിവരുന്നത്.<br><br>ലൈസൻസ് സർവീസുകളിൽ എഫ് സി എഫ് എസ് ഉൾപ്പെടുത്തിയിരിക്കുന്നത് പോലെ വാഹന സംബന്ധമായ സേവനങ്ങളിൽ എഫ് സി എഫ് എസ് കൊണ്ടുവരുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ സേവനങ്ങളിൽ എഫ് സി എഫ് എസ് നടപ്പാക്കിയിരുന്നെങ്കിലും ചില സാങ്കേതിക തടസ്സങ്ങൾ നേരിട്ടതിനാൽ ആയതു താല്ക്കാലികമായി പിൻവലിച്ചിരിക്കുകയാണ്. വകുപ്പ് നൽകിവരുന്ന |

| | | | |
|---|---|---|---|
| | | | സേവനങ്ങളെല്ലാം എഫ് സി എഫ് എസ് സംവിധാനം അടിസ്ഥാനത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ